**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4757** **02-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ ഗ്രാന്റിന് പ്രതിവർഷം എത്ര രൂപയാണ് ചെലവിടുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള പോസ്റ്റ് മെട്രിക്/പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി പ്രതിവർഷം 40 കോടിയോളം രൂപ ചെലവിടുന്നുണ്ട്. 2023-24 സാമ്പത്തിക വർഷം കുടിശിക ഉൾപ്പെടെ കൊടുത്തു തീർക്കുന്നതിനു 48,01,97,769/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഗ്രാന്റ് ഏതൊക്കെ കോഴ്സുകൾക്കാണ് നൽകി വരുന്നതെന്ന് ഇനം തിരിച്ച് തുകയുടെ വിവരം ലഭ്യമാക്കുമോ; | (ബി) | വിശദാംശം ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |
| (സി) | പ്രസ്തുത ഗ്രാന്റിന്റെ കുടിശ്ശിക നൽകുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടിയെക്കുറിച്ച് വിശദമാക്കാമോ? | (സി) | 2023-24 വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 32.02 കോടി രൂപയ്ക്കു പുറമേ ധനപുന വിനിയോഗം വഴി 16 കോടി രൂപ കൂടി ലഭ്യമാക്കി ആകെ 48.02 കോടി രൂപയുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്തിരുന്നു. എന്നിട്ടും മുൻ |

| ക്രമ നം. | കോഴ്സ് | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|
| 1 | പ്രീമെട്രിക്(LP,UP, HS) | 1,38,93,206 |
| 2 | പാരലൽ കോളേജ് | 1,42,00,512 |
| 3 | ഐ.ടി.ഐ. | 5,04,170 |
| 4 | ഹയർ സെക്കന്ററി | 7,93,27,494 |
| 5 | വൊക്കേഷണൽ ഹയർ സെക്കന്ററി | 1,13,86,865 |
| 6 | ഡിപ്ലോമ | 4,59,63,721 |
| 7 | ഡിഗ്രി | 26,36,37,167 |
| 8 | പോസ്റ്റ് ഗ്രാജുവേഷൻ | 4,11,27,571 |
| 9 | പി.എച്ച്.ഡി | 80,78,750 |
| 10 | കേരളത്തിനു പുറത്ത് | 20,78,313 |
| | ആകെ | 48,01,97,769/- |

| | | | |
|---|---|---|---|
| | | | വർഷങ്ങളിലെ കുടിശിക ഇനത്തിൽ 30.13 കോടി രൂപ അനുവദിക്കാൻ ബാക്കി ഉണ്ടായിരുന്നു.<br><br>2024-25 സാമ്പത്തിക വർഷം വിദ്യാഭ്യാസാനുകൂല്യം അനുവദിക്കാൻ പദ്ധതിയിതര ഇനത്തിൽ 27.5 കോടി രൂപയും പദ്ധതി ഇനത്തിൽ 9.282 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതിയിതര ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും സർക്കാരിന്റെ നിലവിലുള്ള സീലിംഗ് പരിധി പാലിച്ച് 5.5 കോടി രൂപ കുടിശ്ശിക ആനുകൂല്യം അനുവദിക്കാൻ ചെലവഴിച്ചു. അവശേഷിക്കുന്ന കുടിശ്ശിക ആനുകൂല്യം അനുവദിക്കുന്നതിന് പദ്ധതിയിതര ശീർഷകത്തിൽ സീലിംഗ് പരിധി ഉയർത്തുന്ന വിഷയം പരിശോധിച്ചുവരുന്നു. കൂടാതെ നടപ്പ് വർഷത്തെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും 40 കോടിയോളം രൂപ ആവശ്യമാണ്. ആയതും ധന പുനവിനിയോഗം ഉൾപ്പെടെയുള്ള ഫണ്ട് കണ്ടെത്തി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ